കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഫോർട്ട് കൊച്ചി വൈപ്പിൻ റോ റോ ജങ്കാർ നിർമ്മാണത്തിന് വേണ്ടി വരുന്ന അധിക തുക കൊച്ചി കോർപ്പറേഷന്റെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.1311/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 22/03/2016

പരാമർശം - (1) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 19/3/2016- ലെ FCE1-1441/14 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭ **2015-16** വർഷം വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ എസ്.**1038/16** റോ റോ ജങ്കാർ നിർമ്മാണം എന്ന പദ്ധതിക്ക് കൊച്ചിൻ ഷിപ്പിയാർഡുമായുള്ള എഗ്രിമെന്റ് പ്രകാരം ബാക്കി നൽകാനുള്ള **2.09** കോടിയിൽ നിന്നും **1.14** കോടി രൂപ അടിയന്തിരമായി നൽകണമെന്ന് കൊച്ചിൻ ഷിപ്പിയാഡ് ലിമിറ്റഡ് ആവശ്യപ്പെട്ടതായും എന്നാൽ ടി പ്രോജക്ടിന്റെ പദ്ധതിയിൽ **57** ലക്ഷം രൂപ മാത്രമേ പ്ലാൻ ഫണ്ടിൽ ബാക്കിയുള്ളൂവെന്നും ആയതിനാൽ **57** ലക്ഷം രൂപ കൂടി പ്ലാൻ ഫണ്ടിൽ അധികമായി വകയിരുത്തുന്നതിനുള്ള അനുമതി നൽകണമെന്ന് കൊച്ചിൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

കൊച്ചിൽ കോർപ്പറേഷൻ സെക്രട്ടറിയുടെ കത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഫോർട്ട് കൊച്ചി വൈപ്പിൻ റോ റോ ജങ്കാർ നിർമ്മാണത്തിന് വേണ്ടി കൊച്ചി കോർപ്പറേഷന്റെ വാർഷിക പദ്ധതി വിഹിതത്തിൽ **57** ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ, ഈ പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹാനിഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്